ND. C. 28/16, dt. 01.08.16

## 2016 ഓഗസ്റ്റ് 10– കരിദിനാചരണവും

## 2016 ഓഗസ്റ്റ് 21– ജസ്റ്റിസ് സൺഡേ ആചരണവും

01.08.2016

ബഹു. അച്ചാ,

മതേതര ജനാതിപത്യ രാജ്യമായ ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 69 വർഷം തികയുകയാണ്. ക്രിസതുമതം സ്വീകരിച്ചതിന്റെ പേരിൽ ഒരിന്ത്യൻ പൗരന് ഭരണഘടനാപരമായി ലഭിക്കേ അവകാശങ്ങൾ ദളിത് ക്രൈസ്തവ സഹോദരങ്ങൾക്ക് നിഷേധിച്ചിരിക്കുന്നത് അറിവുള്ളതാണല്ലോ. 1950 ഓഗസ്റ്റ് 10–ാം തിയതി ഇൻഡ്യൻ പ്രസിഡന്റായിരുന്ന ഡോ. രാജേന്ദ്രപ്രസാദ് തന്റെ പ്രസിഡൻഷ്യൽ ഓർഡറിലൂടെ ദളിത് ക്രൈസ്തവരുടെ സംവരണവും മറ്റ് അവകാശങ്ങളും നിഷേധിച്ചിരിക്കുകയാണ്. ഇതിൽ പ്രതിഷേധിച്ചുകൊ ് ഈ വർഷം ഓഗസ്റ്റ് 10–ാം തിയതി ദളിത് കത്തോലിക്കാ മഹാജനസഭ (DCMS) യുടെ നേതൃത്ത്വത്തിൽ കരിദിനം ആചരിക്കുകയാണ്. ഓഗസ്റ്റ് 10–ാം തിയതി രാവിലെ 10 മണിക്ക് മ്യൂസിയം ജംഗ്ഷനിൽ നിന്നും ആരംഭിക്കുന്ന പ്രകടനം രാജ് ഭവനു മുമ്പിലെത്തി കൂട്ടധർണ്ണ നടത്തുന്നു. മതമേലദ്ധ്യക്ഷന്മാരും, ജനപ്രതിനിധികളും സമുദായ സംഘടനാ നേതാക്കളും ധർണ്ണയെ അഭിസംബോധന ചെയ്യുന്നു. ഇടവക വികാരിമാരും സിസ്റ്റേഴ്സും പാരിഷ് കൗൺസിൽ, KLCA, KLCWA, KCYM, NIDS, DCMS, Vincent De Paul എന്നീ സംഘടനകളെ വാഹനം ക്രമീകരിച്ച് റാലിയിലും ധർണ്ണയിലും പങ്കെടുക്കുന്നതിന് ക്രമീകരണം ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

ദളിത് ക്രൈസ്തവരോടും പിന്നോക്ക വിഭാഗങ്ങളോടും നീതി നിഷേധിക്കപ്പെട്ട എല്ലാ വിഭാഗങ്ങളോടും ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നതിന് ഓഗസ്റ്റ് 15 കഴിഞ്ഞു വരുന്ന ഞായർ ജസ്റ്റിസ് സൺഡേ (നീതി ഞായർ) ആയി ഭാരത കത്തോലിക്കാസഭ എല്ലാ വർഷവും ആചരിക്കുന്നത് ഓർക്കുമല്ലോ. ഈ വർഷം ഓഗസ്റ്റ് 21 ജസ്റ്റിസ് സൺഡേ (നീതി ഞായർ) ആയി ആചരിക്കുകയാണ്. ഈ അവസരത്തിൽ ഇടവക ജനങ്ങളെയെല്ലാം പങ്കെടുപ്പിച്ചുകൊ ് നീതി ഞായർ ആചരിക്കുന്നതിന് ശ്രമിക്കുക. ഈ ദിനത്തിൽ ദിവ്യബലി മദ്ധ്യേ സ്വീകരിക്കുന്ന സ്തോത്രക്കാഴ്ച സമാഹരിച്ച് 2016 സെപ്റ്റംബർ 30ന് മുൻപായി നെയ്യാറ്റിൻകര ലോഗോസ് പാസ്റ്ററൽ സെന്റർ, നിഡ്സ് ഓഫീസിൽ ഏൽപ്പിക്കേ താണ്.

ഓഗസ്റ്റ് 10 കരിദിനാചരണവും ഓഗസ്റ്റ് 21 ജസ്റ്റിസ് ഞായർ ആചരണവും വൻ വിജയമാക്കുന്നതിനുള്ള ക്രമീകരണം ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

കാരുണ്യത്തിന്റെ മഹാജൂബിലി ആഘോഷിക്കുന്ന ഈ വർഷം ദളിത് ക്രൈസ്തവ സഹോദരങ്ങളുടെ നീതിക്കുവേ ിയുള്ള പോരാട്ടത്തിൽ നമുക്കേവർക്കും പങ്കുചേരാം. കാരുണ്യവാനായ ദൈവം നമ്മുടെ എല്ലാ പ്രവർത്തനങ്ങളെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹാശംസകളോടെ,

മെത്രാസനമന്ദിരം

01.08.2016

റൈറ്റ്.റവ.ഡോ.വിൻസന്റ് സാമുവൽ
നെയ്യാറ്റിൻകര രൂപതാമെത്രാൻ